بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 12.01.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തിരുനബി ചരിത്രം: ഉഹുദ് യുദ്ധസംഭവ വികാസങ്ങൾ

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ الرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ۝

ഉഹുദ് യുദ്ധവുമായി ബന്ധപ്പെട്ട് മുഹമ്മദ് നബി(സ)യുടെ ജീവചരിത്രത്തെക്കുറിച്ചാണ് പരാമർശിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാണ്, അല്ലാഹുവിന്റെ റസൂൽ(സ) ജനങ്ങളിൽ ശത്രുക്കളോട് ഏറ്റവും അടുത്തായിരുന്നു. മുഹാജിറുകളിൽപെട്ട എട്ടുപേരും അൻസാറുകളിലെ ഏഴുപേരും അടങ്ങുന്ന പതിനഞ്ച് പേര് അവിടുത്തോടൊപ്പം ഉറച്ചുനിന്നു. ചിലർ പറയുന്നത്, മുപ്പത് പേർ ഉണ്ടായിരുന്നുവെന്നാണ്. അവരെല്ലാം പറയാറുണ്ടായിരുന്നത്: തിരുനബി(സ)ന്റെ മുഖത്തിന് മുമ്പിൽ എന്റെ മുഖവും അവിടുത്തെ ജീവനു മുന്നിൽ എന്റെ ജീവനും ഉണ്ടായിരിക്കട്ടെ. എന്റെ ജീവൻ ബലിയായാലും അവിടുന്ന് സുരക്ഷിതനായിരിക്കണം. വിവിധ നിവേദനങ്ങളിൽ ഉറച്ചുനിന്നവരുടെ എണ്ണം വ്യത്യസ്തമായി വിവരിക്കപ്പെടാൻ കാരണം, വിവിധ സമയത്തിൽ കൂടെയുള്ളവരുടെ എണ്ണത്തിൽ മാറ്റം വന്നിട്ടുണ്ടാകാം എന്നതുമായിരിക്കാം. പതിനഞ്ച് പേരെ കണ്ടവർ പതിനഞ്ച് പറഞ്ഞു; മറ്റുള്ളവർ അവർ കണ്ടതുപോലെ വിവരിച്ചു. സ്വഹാബികൾ നബിക്ക് ചുറ്റും വരികയും പിന്നീട് ശത്രുക്കളുടെ ആക്രമണം മൂലം ആ വൃത്തം തകരുകയും അവർ ചിതറുകയും പിന്നീട് ഒരുമിച്ച് വരികയും ചെയ്യുമായിരുന്നു. എതായിരുന്നാലും, സ്വഹാബികൾ സ്ഥിരോത്സാഹത്തിന്റെ ഉദാഹരണം തുടർന്നു. മരണം വരുമെന്ന ഭയം ആർക്കും ഉണ്ടായിരുന്നില്ല എന്നതാണ് കാര്യം. ഉഹുദ് ദിനത്തിൽ തിരുനബി(സ) ഒരു കൂട്ടം സ്വഹാബികളിലെ 8 സൗഭാഗ്യരായ ആളുകളിൽനിന്ന് മരണവുമായി ബന്ധപ്പെട്ട് ബൈഅത്ത് വാങ്ങിയിരുന്നുവെന്നും പരാമർശമുണ്ട്. അവരിൽനിന്ന് ആരും തന്നെ ശഹീദായിരുന്നില്ല.

ഉഹ്ദ് ദിനത്തിൽ സ്വഹാബികളുടെ ദൃഢതയും ധീരതയും പരാമർശിക്കവെ ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: തിരുനബി(സ)ക്ക് ചുറ്റും കൂടിനിന്ന സ്വഹാബികൾ കാണിച്ച ത്യാഗങ്ങൾക്ക് ലോകത്തിന് തുല്യത കാണിക്കാൻ കഴിയുകയില്ല. ഈ ആളുകൾ ഇയ്യാംപാറ്റകളെപ്പോലെ നബിക്ക് ചുറ്റും വലയംവെച്ചു. അവിടുത്തേക്കായി തങ്ങളുടെ ജീവൻ പണയപ്പെടുത്തി. വരുന്ന അമ്പുകളെ സ്വഹാബികൾ സ്വയം ഏറ്റെടുത്ത് റസൂൽ(സ)നെ രക്ഷിക്കുമായിരുന്നു. അതേ സമയം ശത്രുവിനെ ആക്രമിക്കുകയും ചെയ്യുമായിരുന്നു. അതിശക്തമായ തിരമാലകൾപോലെ ഓരോ നിമിഷവും നാനാഭാഗത്തുനിന്നും ഉയർന്നുവരുന്ന ഈ മഹാപ്രളയത്തിനു മുന്നിൽ എത്ര നേരം ഈ ആളുകൾക്ക് നിലനിൽക്കാൻ സാധിക്കും. ശത്രുക്കളുടെ ആക്രമണത്തിന്റെ ഓരോ തിരയും മുസ്‌ലിംകളെ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോയി. എന്നാൽ സമ്മർദം കുറയുമ്പോൾ മുസ്‌ലിംകൾ തങ്ങളുടെ പ്രിയപ്പെട്ട യജമാനന്റെ ചുറ്റും ഒത്തുകൂടുമായിരുന്നു.

കള്ളം പറയുന്നതോ തെറ്റായി ചിത്രീകരിക്കുന്നതോ തിരുനബി(സ) അനുവദിച്ചുവെന്നുള്ള ക്രിസ്ത്യാനികളുടെ അടിസ്ഥാനരഹിതമായ ആരോപണത്തിന് മറുപടിയായി ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: നമ്മുടെ യജമാനനായ നബി തിരുമേനി(സ)യുടെ ഉന്നതമായ മാതൃക ഇവിടെ തെളിയിക്കപ്പെട്ടിരിക്കുന്നു, നാവുകൊണ്ട് ഒന്ന് പറയുകയും ഹൃദയത്തിൽ മറ്റെന്തെങ്കിലും ഉണ്ടായിരിക്കുകയും അങ്ങനെ ദ്വയാർഥ വാക്കിലുള്ള സംസാരം നിങ്ങളുടെ യേശു തന്റെ ജീവിതകാലം മുഴുവൻ ഉപയോഗിച്ചു. അതിൽനിന്ന് പരമാവധി അകന്നു നിൽക്കാൻ തിരുനബി(സ) കൽപിച്ചിട്ടുണ്ട്. സയ്യിദുൽ മുർസലീൻ(സ) ഉഹുദ് യുദ്ധത്തിൽ നഗ്നമായ വാളുകൾക്കു മുന്നിൽ (ഒരു ഭയവും കൂടാതെ) ഞാൻ മുഹമ്മദ് ആണ്; ഞാൻ അല്ലാഹുവിന്റെ പ്രവാചകനാണ്; ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാണ് എന്ന് പറഞ്ഞുകൊണ്ടിരുന്നു.

മറുവശത്ത്, നിങ്ങളുടെ യേശു വിറയ്ക്കുകയും തന്റെ ശിഷ്യന്മാരെ നേരെ വിപരീതമായ കാര്യം പഠിപ്പിക്കുകയും ചെയ്തത്, ഞാൻ യേശു ക്രിസ്തു ആണ് എന്ന് നിങ്ങൾ ആരോടും പറയരുത്. (യഥാർഥത്തിൽ) ഈ വാക്ക്കൊണ്ട് ആരും അദ്ദേഹത്തെ കൊല്ലുമായിരുന്നില്ല.

ഉഹുദ് യുദ്ധത്തിന്റെ പതാകവാഹകൻ ഹദ്റത്ത് മുസ്അബ് ബിൻ ഉമൈർ പതാക നന്നായി സംരക്ഷിച്ചു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു, ഇബ്നു ഖമിഅ ഹദ്റത്ത് മുസ്അബിന്റെ പതാക പിടിച്ചിരുന്ന കൈ ആക്രമിക്കുകയും ആ കൈ മുറിക്കുകയും ചെയ്തു. ഹദ്റത്ത് മുസ്അബ് തന്റെ മറ്റേ കൈയിൽ പതാക എടുത്തു; ഇബ്നു ഖമിഅ ആ കൈയും വെട്ടിമാറ്റി. അങ്ങനെ മുസ്അബ് പതാക രണ്ടു കൈകൊണ്ടും തന്റെ നെഞ്ചോട് ചേർത്തുപിടിച്ചു. ഇബ്നു ഖമിഅ മൂന്നാം തവണയും കുന്തംകൊണ്ട് നെഞ്ചിൽ കുത്തി. കുന്തം പൊട്ടി ഹദ്റത്ത് മുസ്അബ് വീണു. മറ്റൊരു മുസ്ലിം ഉടനെ മുന്നോട്ട് വന്ന് പതാക ഏറ്റെടുത്തു.

മുസ്അബിന്റെ ഇടപെടൽ തിരുനബി(സ)യുടെ ഇടപെടലിന് സമാനമായതിനാൽ ഇബ്നു ഖമിഅ കരുതിയത് താൻ മുഹമ്മദ്(സ)നെയാണ് കൊന്നതെന്നാണ്. അല്ലെങ്കിൽ അയാളുടെ ഭാഗത്തുനിന്നുള്ള ഈ സംസാരം കേവലം വഞ്ചനയുടെ പുറത്തായിരിക്കാം. എതായിരുന്നാലും ഞാൻ മുഹമ്മദിനെ(സ) കൊന്നു എന്ന് അയാൾ ആക്രോശിച്ചു. ഈ വാർത്ത കേട്ട് മുസ്ലീങ്ങൾക്ക് ധൈര്യക്ഷയം സംഭവിക്കുകയും അവൾ പൂർണമായും ചിതറിപ്പോവുകയും ചെയ്തു.

ഉഹുദ് മൈതാനത്തിലെ ഏതാനും നിമിഷങ്ങളുടെ വീഴ്ച ഇസ്ലാമിക സൈന്യത്തിന്റെ വിജയത്തെ താൽക്കാലിക പരാജയത്തിലേക്കു നയിക്കുകയുണ്ടായി. എന്നാൽ തിരുനബി(സ) യുദ്ധചരിത്രത്തിൽ ഏറ്റവും മികച്ച സൈന്യാധിപനും വിവേകപൂർണവും വേഗതിലുള്ളതുമായ തീരുമാനങ്ങളുടെ ഉടമയുമായി അംഗീകരിക്കപ്പെടുന്നു. യുദ്ധത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെ അവിടുന്ന് സൂക്ഷ്മമായി നിരീക്ഷിച്ചു. ഇസ്ലാമിക സൈന്യത്തെ പൂർണമായും തകർക്കുക എന്ന തങ്ങളുടെ ദുരുദ്ദേശം ശത്രുക്കൾക്ക് നടപ്പിലാക്കാൻ കഴിയാത്ത വിധത്തിൽ നാലിരട്ടി വലിയ സൈന്യത്തിന് മുന്നിൽ ചിതറിപ്പോയതും ദുർബലവുമായ തന്റെ സൈന്യത്തെ അവിടുന്ന് സംരക്ഷിച്ചു. തിരുനബി(സ) ഇസ്ലാമിക സൈന്യത്തിന്റെ പതാക ഹദ്റത്ത് അലി(റ)ന് നൽകി. തനിക്ക് ചുറ്റും തടിച്ചു കൂടിയ ഇസ്ലാമിന്റെ ചെറിയ സൈന്യസംഘത്തോടൊപ്പം യുദ്ധം ചെയ്ത് മുശ്രിക്കുകളിൽനിന്ന് രക്ഷപ്പെടാൻ അദ്ദേഹം വഴിയൊരുക്കിക്കൊണ്ട് യുദ്ധക്കളത്തിൽ തിരുനബി(സ)ന്റെ ശഹാദത്ത് വാർത്തകേട്ട് തളർന്നു ചിതറിപ്പോയ ഇസ്ലാമിക സൈന്യത്തിലേക്ക് നീങ്ങി. ഇസ്ലാമിക സൈന്യത്തിന്റെ തിരിച്ചുവരവ് തടയാൻ മക്കയിലെ മുശ്രിക്കുകളും പ്രത്യാക്രമണങ്ങൾ നടത്തി. എന്നാൽ നബി(സ)യുടെ പിൻവാങ്ങൽ തന്ത്രവും വളരെ വിജയകരമായിരുന്നു, ഒരുപറ്റം ആളുകൾ തോളോട്തോൾ ചേർന്നു അർധവൃത്തമുണ്ടാക്കി ശത്രുക്കളുടെ ആക്രമണങ്ങളെ ചെറുത്തുകൊണ്ട് മലയിടുക്കിന്റെ ഭാഗത്തേക്ക് നീങ്ങി. ശത്രുക്കൾ ഇതിനെ വലയം ചെയ്യാൻ പൂർണ്ണ ശക്തി പ്രയോഗിച്ചു; പക്ഷേ തിരുനബി(സ) അക്രമികളുടെ ജനക്കൂട്ടത്തെ ഭേദിച്ച് വഴിയുണ്ടാക്കി.

ഉഹുദ് യുദ്ധത്തോടനുബന്ധിച്ച് (മയക്കം പോലുള്ള ഒരു) ഉറക്കത്തെക്കുറിച്ചും പരാമർശമുണ്ട്. ഹദ്റത്ത് സുബൈർ ബിൻ അവാം, ഹദ്റത്ത് കഅബ് ബിൻ അംർ അൻസാരി(റ) എന്നിവർ ഈ ഉറക്കത്തിന്റെ വിശദാംശങ്ങളും അല്ലാഹു തആല ഈ ഉറക്കത്തിലൂടെ മുസ്ലിംകൾക്ക് സമാധാനം നൽകിയതെങ്ങനെയെന്നും വിവരിച്ചിട്ടുണ്ട്. ഹദ്റത്ത് അബൂത്വൽഹയിൽനിന്ന് നിവേദനം: ഉഹുദ് യുദ്ധദിനത്തിൽ (ഞാൻ) തല ഉയർത്തി നോക്കുമ്പോൾ ഓരോരുത്തരും തല കുനിച്ച് കവചത്തിന് കീഴിൽ കുനിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ശത്രുക്കളോട് യുദ്ധം നടക്കുന്ന അത്തരം ഒരു സമയത്ത് മുഴുവൻ ജനങ്ങളും ഉറക്കത്തിലേക്ക് പോകുക എന്നത് വലിയ അപകടമാകുമായിരുന്നു. അത് യാദൃശ്ചികമായിരുന്നില്ല. അതൊരു അത്ഭുതം തന്നെയാണ്.

ഒരു നിവേദനമനുസരിച്ച്, ഉഹുദ് ദിനത്തിൽ, തിരുനബി(സ)ന്റെ നേർക്ക് വാൾകൊണ്ട് 70 തവണ വെട്ടിയിരുന്നു. എന്നാൽ എല്ലാവരുടെയും ശർറിൽ നിന്ന് അല്ലാഹു നബി(സ)യെ രക്ഷിച്ചു. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: തിരുനബി(സ) യുദ്ധത്തിൽ ഏറ്റവും ധീരനായി കരുതിയിരുന്നവരുടെ കൂടെയാണുണ്ടായിരുന്നത്. കാരണം അവിടുന്ന് വളരെ അപകടകരമായ സ്ഥലത്താണുണ്ടായിരുന്നത്. സുബ്ഹാനല്ലാഹ്! എന്തൊരു മഹത്വം! ഉഹുദിൽ നോക്കുക. മേൽക്കുമേൽ വാളുകൾ വന്നുകൊണ്ടിരിക്കുന്നു; സഹാബികൾക്ക് അസഹ്യമായത്ര തീവ്രയുദ്ധം നടക്കുമ്പോൾ ഈ മൈതാനത്ത് അവിടുന്ന് നെഞ്ചുവിരിച്ച് പോരാടുകയാണ്. അത് സ്വഹാബികളുടെ കുറ്റമായിരുന്നില്ല.

അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കട്ടെ. യഥാർഥത്തിൽ തിരുനബി(സ)ന്റെ ധീരതയുടെ ഒരു ഉദാഹരണം കാണിക്കുക എന്നതായിരുന്നു അതിലുള്ള രഹസ്യം.

ഉഹുദ് യുദ്ധത്തിന്റെ വിവരണം ഇനിയും തുടരുമെന്ന് പറഞ്ഞതിനുശേഷം ഹുസൂർ അൻവർ ചില മർഹൂമീങ്ങളെ അനുസ്മരിക്കുകയും ജനാസ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുമുണ്ടായി. അക്കൂട്ടത്തിൽ പലസ്തീൻ ഗാസ മേഖലയിൽ നിന്നുള്ള നമ്മുടെ അഹ്മദി സഹോദരൻ മുഹമ്മദ് അക്കാശ സാഹിബും ഉൾപ്പെടുന്നു. അതിക്രൂരമായി അദ്ദേഹത്തെ തലയിൽ വെടിവെച്ച് ശഹീദാക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സേവനങ്ങളെ പരാമർശിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ. അദ്ദേഹത്തിന്റെ മക്കളേയും അദ്ദേഹത്തിന്റെ പ്രാർത്ഥനകളുടെ അവകാശികളാക്കട്ടെ. മക്കളേയും പ്രിയപ്പെട്ടവരേയും അഹ്മദിയത്ത് യഥാർഥ ഇസ്‌ലാമിനെ മനസ്സിലാക്കുന്നവരും സമാധാനവും സുരക്ഷിതത്വവും കാണുന്നവരും ആക്കട്ടെ.

അല്ലാഹു അവരുടെ പ്രദേശങ്ങളിൽ സമാധാനം സ്ഥാപിക്കട്ടെ, മർദകരുടെ കരങ്ങൾ തടയുകയും മർദകരെ നശിപ്പിക്കുകയും ചെയ്യട്ടെ. ലെബനനുമായുള്ള അതിർത്തിയിൽ ഇസ്റായേൽ ഇപ്പോൾ ഹിസ്ബുള്ളയ്ക്കെതിരെ നടപടി തുടങ്ങിയിരിക്കുകയാണ്. ഇത് സ്ഥിതി കൂടുതൽ വഷളാക്കുകയേയുള്ളൂ. അതുപോലെ യെമനിലും അമേരിക്കയും ബ്രിട്ടനും വെടിയുതിർത്തിരിക്കുകയാണ്. ഇത് എല്ലാം യുദ്ധത്തെ വിശാലമാക്കുകയാണ് ചെയ്യുന്നത്. ഇത് ഇപ്പോൾ ലോകമഹായുദ്ധത്തിന്റെ സൂചനകൾ ആണെന്ന് പല എഴുത്തുകാരും എഴുതിയിട്ടുണ്ട്; എഴുതിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ ദുആയുടെ ആവശ്യകത വളരെ കൂടു തലാണ്. അല്ലാഹു മനുഷ്യരാശിക്ക് ബുദ്ധിയും വിവേകവും നൽകട്ടെ.

ഇദ്ദേഹത്തെ കൂടാതെ, ഹൈദർ അലി സഫർ സാഹിബിന്റെ ഭാര്യ ഉമ്മുന്നസീർ സഫർ സാഹിബ, ഹബീബുള്ള കാഹ്ലൂൻ സാഹിബിന്റെ ഭാര്യ നസീം അഖ്തർ സാഹിബ, റശീദ് അഹ്മദ് സമീർ സാഹിബിന്റെ ഭാര്യ മുബാറക ബീഗം സാഹിബ എന്നിവരേയും അനുസ്മരിച്ചു. അവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

---

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 12.01.2024
Malayalam Translation & Typing: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516